**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5277** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ കൃഷിക്കാരും ചെറുകിട കച്ചവടക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ കൃഷിക്കാരും ചെറുകിട കച്ചവടക്കാരും പ്രത്യേകിച്ച് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത വിതരണക്കാരിൽ നിന്നും കർഷകർക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. സബ്സിഡിയിൽ കാർഷിക യന്ത്രങ്ങൾ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും നൽകുന്ന പ്രധാന പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പോലെയുള്ള പദ്ധതികൾ പൂർണ്ണമായും ഓൺലൈൻ ആയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങൾ അവർക്കു ഇഷ്ടമുള്ള പദ്ധതി അംഗീകൃത വിതരണക്കാരിൽ നിന്നും വാങ്ങാവുന്നതാണ്. ഈ പദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ കർഷകർ കൃഷി വകുപ്പിന്റെ ഓഫീസുകളിൽ പോകേണ്ടതില്ല. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുകയും അവരുടെ അപേക്ഷയുടെ മുൻഗണനാ ക്രമം അനുസരിച്ച് അപേക്ഷകന് കാർഷിക യന്ത്രങ്ങൾ ലഭ്യമാകുന്നതും സബ്സിഡി ഓൺലൈൻ ആയി തന്നെ അവരുടെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നതുമാണ്. |
| (ബി) | സാധാരണ കർഷകർ പ്രസ്തുത ഉപകരണങ്ങൾ വാങ്ങുമ്പോൾ ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതു സംബന്ധിച്ച് കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകർ വാങ്ങുന്ന കാർഷികോപകരണങ്ങളുടെ ഗുണ നിലവാരവും വിൽപ്പനാനന്തര സേവനങ്ങളും ഉറപ്പുവരുത്തുന്നതിനായി അംഗീകൃത വിതരണക്കാരിൽ നിന്നും വാങ്ങുന്നതായിരിക്കും ഉചിതം. ഇത് മൂലം കർഷകർക്ക് മെച്ചപ്പെട്ട ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാകുന്നു. SMAM പദ്ധതിയിലൂടെ നൽകുന്ന വിവിധ കാർഷിക യന്ത്രോപകരണങ്ങളുടെ വിശദവിവരങ്ങളും അംഗീകൃത നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും ലിസ്റ്റും https://agrimachinery.nic.in/CitizenCorner/CitizenCorner എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം കാര്യങ്ങളിൽ കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ഏറ്റവും വേഗം ലഭ്യമാക്കാൻ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങളും കൃഷിഭവൻ വഴി ലഭ്യമാക്കുന്നുണ്ട്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായും കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായും സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കി വരുന്നു. വാർഷിക പദ്ധതിയായ സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം സാംസ്ഥാനത്തെ 28 കൃഷിഭവനുകളും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന RIDF പദ്ധതി പ്രകാരം ഒരു ജില്ലയിൽ നിന്നും ഒരു കൃഷിഭവൻ വീതവും സ്മാർട്ട് കൃഷിഭവനാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തികരിക്കുന്ന മുറക്ക് കൃഷിഭവനുകളിൽ ഹെൽപ്പ് ഡെസ്ക് സംവിധാനം കൂടി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ